ഡയറക്ടറുടെ അനുമതി വേണമെന്നുള്ള ഉത്തരവുമൂലം വിവിധ ജില്ലകളിലുള്ള ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഒരു നിശ്ചിത സമയംവരെയുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം നൽകുവാൻ അതാതു ജില്ലാ ഓഫീസർമാർക്ക് അധികാരം നൽകുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ജില്ലാ രജിസ്ട്രാർമാരെ അധികാരപ്പെടുത്തുന്നതിനു വേണ്ടിയുള്ള നിയമഭേദഗതി പരിഗണനയിലാണ്.

ജനന സർട്ടിഫിക്കറ്റിലെ അക്ഷര പിശകുകൾ

70 (3822) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന ജനന സർട്ടിഫിക്കറ്റിൽ അക്ഷരപിശകുകളും വെടിപ്പില്ലാതെയും കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കാൻ ആവശ്യമായ സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

(എ) അക്ഷരപിശകുകൾ കടന്നു കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനന സർട്ടിഫിട്ടറ്റുകൾ ഭംഗിയോടെയും വെടിപ്പോടെയും അക്ഷര പിശകുകൾ കൂടാതെയും വിതരണം ചെയ്യുന്നതിനുള്ള മുൻകരുതൽ നടപടി എന്ന നിലയ്ക്ക് എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകൾക്കും ആവശ്യമായ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ മുഖേന നൽകുന്നതാണ്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരേയും മുനിസിപ്പൽ ചെയർമാൻമാരേയും നേരിട്ട് തെരഞ്ഞെടുക്കുവാൻ വ്യവസ്ഥ

71 (3823) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. സുജനപാൽ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരെയും മുനിസിപ്പാലിറ്റികളിലെ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരേയും അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കി ;

(ബി) ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതി ഭരണഘടന അനുവദിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly